വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി

120 (903)പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന ശരാശരി വൈദ്യുതി പ്രസരണ നഷ്ടം എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികൾമൂലം എത്ര ശതമാനം പ്രസരണനഷ്ടം ഒഴിവാക്കാനായെന്നും, എത്ര കോടി രൂപയുടെ വൈദ്യുതി ലാഭിക്കാനായെന്നും അറിയിക്കുമോ;

(സി) ഈ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കോടി രൂപ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് പ്രതിവർഷം വേണ്ടിവരുന്ന ആവർത്തന ചെലവ് എത്രയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ). 20.05 ശതമാനം.

(ബി) ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി 1996-97-ൽ 0.09 ശതമാനവും, 1997-98-ൽ 2.18 ശതമാനവും പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം 1996-97-ൽ 1.01 കോടി രൂപയുടെ വൈദ്യുതിയും, 1997-98-ൽ 28.8 കോടി രൂപയുടെ വൈദ്യുതിയും ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 1996-97-ൽ 21.38 കോടി രൂപയും (പ്രൊവിഷനൽ) 1997-98-ൽ 5.15 കോടി രൂപയും (പ്രൊവിഷനൽ) ചെലവഴിച്ചിട്ടുണ്ട്. 1998-99-ലെ കണക്ക് പൂർത്തിയായിട്ടില്ല.

(ഡി) 1996-97-ൽ 4.93 കോടി രൂപ ആവർത്തന ചെലവിനത്തിൽ ചെലവാക്കിയിട്ടുണ്ട്. 1997-1998, 1998-99 എന്നീ വർഷങ്ങളിലെ കണക്ക് പൂർത്തിയായിട്ടില്ല.

വൈദ്യുതി കണക്ഷനുകൾ

121 (904)പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly